# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.9/38/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.9/38/2023 തീയ്യതി: 16/03/2023

## തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 07-12-2022 | 16-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-12-2022 | 16-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാബീവി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. ജോസ്. ഡബ്ല്യൂ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനിൽ കുമാർ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സുരേഷ്ബാബു.ബി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി തനുജ.എം.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജി.മണികണ്ഠൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി കെ.എസ്.ഷീബ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കെ.എസ്.ഷീബ | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.ജോയ് ജോൺ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി ഗംഗ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി മീരാ റാണി | മെഡിക്കൽ ഓഫീസർ , ഹോമിയോ ഡിസ്പെൻസറി | 01-04-2021 | 31-03-2022 |
| ശ്രീമതി രാഖി.സി.കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ മഹേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾI) | 01-04-2021 | 31-03-2022 |
| ശ്രീ അജേഷ് സത്യൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ2) | 01-04-2021 | 31-03-2022 |
| ശ്രീമതി സുലഭ.എ.എൽ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി ഷെഹ്നാസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| ശ്രീമതി ഗിരിജാകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ശ്രീ രാജീവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ അജേഷ് സത്യൻ | കുടുംബശ്രീ മെമ്പർ | 01-04-2021 | 31-03-2022 |
| ശ്രീ പ്രവീൺ.ജി.എസ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി മായ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ | 1-3-1 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | ക്ഷേമ പദ്ധതികൾ | 1-5 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി | 1-5-1 |
| 9 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം | 1-5-2 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 14 | റേഷൻകടകളിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 15 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-11 |
| 16 | ജീവനക്കാരിൽ നിന്നും ഒരു അർദ്ധവർഷം മാത്രമെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. | 1-12 |
| 17 | അസി.എഞ്ചിനീയർ കൈകാര്യം ചെയ്ത രസീത് ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-13 |
| 18 | ഫലവൃക്ഷങ്ങളിൽ നിന്നുമുള്ള ആദായമെടുക്കൽ വരുമാനം പഞ്ചായത്തിൽ എത്തുന്നില്ല | 1-14 |
| 19 | കടമുറിയുടെ വാടകയിനത്തിൽ 4200/-രൂപ ഈടാക്കാനവശേഷിക്കുന്നു | 1-15 |
| 20 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല. | 1-16 |
| 21 | എൻ.ആർ.ജി.എസ്.-മെറ്റീരിയൽ വർക്കുകളിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കുന്നില്ല | 1-17 |
| 22 | പി എം എ വൈ വിഹിതം (SCP) - വിശദമായ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 1-18 |
| 23 | പി എം എ വൈ വിഹിതം (ജനറൽ) - വിശദമായ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 1-19 |
| 24 | പാഥേയം പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-20 |

| | | |
|---|---|---|
| 25 | പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി-പൂർണ്ണമായ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-21 |
| 26 | മരാമത്ത് - റോഡ് പ്രവൃത്തികളിൽ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗം ഉറപ്പുവരുത്തേണ്ടതാണ് | 1-22 |
| 27 | മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പിലാക്കിയ വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകളിൽ 1,50,000/രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല - 1,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 28 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മരുന്നു വാങ്ങൽ പ്രോജക്ട് -മരുന്ന് ലഭ്യമായില്ല - 771328/- രൂപ തടസ്സത്തിൽ വയ്ക്കുന്നു | 1-24 |
| 29 | പൊതു ടാപ്പ്, തെരുവ് വിളക്ക് എന്നിവയുടെ എണ്ണത്തിൽ കൃത്യതയില്ലാതെ വാട്ടർ ചാർജ്, വൈദ്യുതി ചാർജ് എന്നിവ ഒടുക്കുന്നു | 1-25 |
| 30 | സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ലോഗ് ബുക്ക് പരിപാലിക്കുന്നില്ല | 1-26 |
| 31 | ലേലനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-27 |
| 32 | തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-28 |
| 33 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുകയായ 697777/-രൂപ തടസ്സപ്പെടുത്തുന്നു | 1-29 |
| 34 | ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയായ 944372/- തിരികെ ഈടാക്കേണ്ടതാണ്. | 1-30 |
| 35 | ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നിർവഹിച്ച മരാമത്ത് പ്രവൃത്തി സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-31 |
| 36 | അങ്കണവാടി അധികവാടക- വാടക നിശ്ചയിക്കാതെ തുക നൽകി -സർക്കാർ നിർദ്ദേശം പാലിക്കണം | 1-32 |
| 37 | തുല്യത പഠനം- രജിസ്ട്രേഷൻ രേഖകൾ , വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല- 48100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-33 |
| 38 | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്. | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ്. | 4-3 |
| 4 | വായ്പ- വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണസമിതിയുടെ 09.03.2021 ലെ 1(1) നമ്പർ തീരുമാനപ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. പ്രതീക്ഷിത വരവ് 284792948/- (മുന്നിരിപ്പ് ഉൾപ്പെടെ) രൂപയും പ്രതീക്ഷിത ചെലവ് 279200600/- രൂപയും 5592348/- രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റാണ് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത്. 2021-22 വർഷത്തെ റിവൈസ്ഡ് ബജറ്റ് 11.03.2022-ലെ 13(1)ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

1. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

I) ബജറ്റ് പ്രസംഗം

Ii) ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

2. 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2020-21 സാമ്പത്തിക വർഷത്തെ സംബന്ധിച്ച് ) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3. ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം (214(5)). എന്നാൽ അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2022-23-ലെ ബജറ്റിനൊപ്പമാണ് 2021-22-ലെ റിവൈസ്ഡ് ബജറ്റ് പാസാക്കിയിട്ടുള്ളത്.

4. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് കോഡ് (ബജറ്റ് പ്രകാരം) | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യപത്രിക പ്രകാരം ചെലവ് |
|---|---|---|---|---|
| 1 | 2201001 | വാടക | 80000 | 0 |

| | | | | |
|---|---|---|---|---|
| 2 | 2205201 | പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 50000 | 0 |
| 3 | 2305004 | സംരക്ഷണവും അറ്റകുറ്റപ്പണികളും-പാലങ്ങളും കലുങ്കുകളും | 25000 | 0 |
| 4 | 2305008 | സംരക്ഷണവും അറ്റകുറ്റപ്പണികളും-മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ | 20000 | 0 |
| 5 | 2501003 | മറ്റ് കാർഷിക വികസന പരിപാടികൾ | 150000 | 0 |

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-30/22-ന് വരും വർഷങ്ങളിൽ അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് മറുപടിയായി അറിയിക്കുകയുണ്ടായി. ബജറ്റ് മാന്വലിലെ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതും മേൽ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 13.05.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ആയത് തയ്യാറാക്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3. പഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയുടെ B-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 678/- രൂപയും B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 1742/- രൂപയുമാണ്. പലിശ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ് വ്യത്യാസത്തിന് കാരണമെന്നാണ് മറുപടി ലഭ്യമാക്കിയത്. അപാകം പരിഹരിക്കേണ്ടതാണ്.

4. വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B 5 ഷെഡ്യൂളിലെ (Secured Loans) നീക്കിയിരിപ്പും (32631999) B16 ഷെഡ്യൂളിലെ (Prepaid Expenses) നീക്കിയിരിപ്പും (32311999) പൊരുത്തപ്പെടുന്നില്ല. അപാകം പരിഹരിക്കേണ്ടതാണ്.

5. 2022 മാർച്ച് മാസത്തെ ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംങ് ഫീസ്, വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2022 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്. എന്നാൽ പ്രസ്തുത ചെലവുകൾ 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. I) B 9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന പ്രകാരമുള്ള നീക്കിയിരിപ്പുണ്ട്.

| ക്രമ നം | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 1 | Government And Other Dues Payable-VAT | 86222 |
| 2 | Government And Other Dues Payable-CGST | 1745 |
| 3 | Government And Other Dues Payable-SGST | 1745 |
| 4 | Liability For Programme/Scheme Expenditure | 3300 |

ക്രമ നം. 2, 3 എന്നിവ ഒടുക്കിയതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ക്രമ നം. 1 തുക ഹെഡ് ഓഫ് അക്കൗണ്ട് ലഭ്യമാകാത്തതിനാലാണ് തുക അടവാക്കാത്തതെന്നാണ് വിശദീകരിച്ചിട്ടുള്ളത്.

Ii) Liability For Programme/Scheme Expenditure ൽ നീക്കിയിരിപ്പായുള്ള തുക 2020-21 ലെ നീക്കിയിരിപ്പ് തന്നെയാണ്. പ്രസ്തുത തുക 2017 വർഷം പെൻഷൻ റീഫണ്ട് ഇനത്തിൽ സ്വീകരിച്ച തുകയാണെന്നാണ് അറിയിച്ചത്.

7. ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 37602/- രൂപ നീക്കിയിരിപ്പുണ്ട്.ആയത് വരുമാന ശീർഷകത്തിൽ മാറ്റിയിട്ടില്ല.ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടിയിലൂടെ

അറിയിച്ചിട്ടുണ്ട്.

8. B 11 ഷെഡ്യൂളിലെ അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ അതുമായി ബന്ധപ്പെട്ട ആസ്തിയെ അധികരിച്ചിരിക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | B11 പ്രകാരം നീക്കിയിരിപ്പ് | Accumulated Depreciation തുക |
|---|---|---|---|
| 410800101 | Other Fixed Assets | 50829 | (849987) |

Other Constructionനുമായി ബന്ധപ്പെട്ട ഡിപ്രിസിയേഷൻ രേഖപ്പെടുത്തുന്നതിന് പ്രത്യേകം ഹെഡ് ഇല്ലാത്തതിനാൽ Accumulated Depreciation എന്ന ഹെഡിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയതിനാലാണ് തുക അധികരിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്.

9. B 11, I 17(a) എന്നീ ഷെഡ്യൂളുകളുടെ പരിശോധനയ്ക്കായി ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

10. A.E യുടെ റിപ്പോർട്ട് പ്രകാരം Capital Work In Progress നീക്കിയിരിപ്പ് തുക 780269/- യാണ്. എന്നാൽ B 11 (A) ലെ Capital Work In Progress നീക്കിയിരിപ്പ് തുക 921959/- ആണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

11. സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

12. വാർഷിക ധനകാര്യ പത്രിക B18 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

I) ലഭ്യമാക്കിയ രജിസ്റ്ററിൽ Temporary Advance For Official Purposes, Advance To Others, Festival Advance എന്നിവ സംബന്ധിച്ച രേഖപ്പെടുത്തലുകൾ മാത്രമാണുള്ളത്.

| ക്രമ നം | ഇനം | മുന്നിരിപ്പ് (2020-21 B18) | തൻവർഷം പഞ്ചായത്ത് ചെലവഴിച്ച തുക (RP 47 Payment) | തൻവർഷം വരവായി ലഭിച്ച തുക (RP 47 Receipt) | നീക്കിയിരിപ്പ് (2021-22 B18) |
|---|---|---|---|---|---|
| 1 | Temporary Advance For Official Purposes | 34000 | 37600 | 0 | 71600 |
| 2 | Advance To Implementing Agencies-Deposit With KWA | 3347582 | 2841000 | 508962 | 4470082* (5679620) |
| 3 | Advance To Implementing Agencies-Deposit With KSEB | 1246909 | 302580 | 0 | 1549489 |
| 4. | Advance To Implementing Agencies-Deposit With Ground Water Department | 390473 | 0 | 0 | 390473 |
| 5 | Advance To Implementing Agencies-Deposit With PWD | 1003000 | 0 | 0 | 1003000 |
| 6 | Advance To Other Accredited Agencies | 349980 | 0 | 0 | 349980 |
| 7 | Advance To Implementing Officers- | 150000 | 0 | 0 | 150000 |
| 8 | Advance To Others | 622227 | 1763425 | 0 | 1333333* (2385652) |
| 9 | Electricity Deposits | 12000 | 0 | 0 | 12000 |

Ii)**Advance To Implementing Agencies-Deposit With KWA,Advance To Others,Festival Advances എന്നീ ഇനങ്ങളിലെ വാർഷിക ധനകാര്യപത്രികയിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

Iii) വാർഷിക ധനകാര്യപത്രികയിലെ B18 ൽ നീക്കിയിരിപ്പുള്ള നിക്ഷേപ പ്രവൃത്തികളുടെ വിശദാംശവും, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചവയുടെ വിശദാംശവും ലഭ്യമാക്കിയില്ല.

13. I-18 Schedule പ്രകാരം വസ്തുനികുതി Non-residential Building ഇനത്തിൽ 44063/- രൂപ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

14. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | AFS പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡ് | 12611447 | 13854507 |

15. 2021-22 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്റ്റുകൾ ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | 20-21 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 21-22 RP-7, RP 3l എന്നിവ പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 21-22 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 257617 | 1237800 | 1495417 | 1237800 | 257617 | 257617 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1980746 | 1646917 | 3627663 | 1646917 | 1980746 | 1980746 |
| | | | | ആകെ | 2238363 | 2238363 |

B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 2238363/- രൂപയാണ്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായ തുക 543258/- രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

16. ലൈസൻസ്, ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക, തൊഴിൽ നികുതി എന്നീ വരവുകളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. എ.എഫ്.എസ് പ്രകാരമുള്ള പ്രസ്തുത വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസുകളുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

17. വസ്തുനികുതി വിവരങ്ങൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ളതും സഞ്ചയ പ്രകാരമുള്ളതും പരസ്പരം പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വസ്തു നികുതി ഗാർഹികം (അരിയർ) | സഞ്ചയ പ്രകാരം | 528018 | 309856 | 218890 |
| | എ.എഫ്.എസ് പ്രകാരം | 522896 | 340666 | 196720 |
| വസ്തു നികുതി ഗാർഹികം (കറന്റ്) | സഞ്ചയ പ്രകാരം | 1265662 | 1064219 | 10411 |
| | എ.എഫ്.എസ് പ്രകാരം | 1265662 | 1178163 | 89254 |
| വസ്തു നികുതി ഗാർഹികേതരം (അരിയർ) | സഞ്ചയ പ്രകാരം | 840300 | 671654 | 168982 |
| | എ.എഫ്.എസ് പ്രകാരം | 928581 | 648588 | 201298 |
| വസ്തു നികുതി ഗാർഹികേതരം (കറന്റ്) | സഞ്ചയ പ്രകാരം | 1276010 | 1108533 | 176147 |
| | എ.എഫ്.എസ് പ്രകാരം | 1276010 | 989873 | 30044 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 07/09.12.22 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചതിനു ശേഷമുള്ള പരാമർശങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. അപാകതകൾ പരിഹരിച്ചുകൊണ്ട് വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15143927 | 15143927 | 18502676(*a) | -3358749 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 3909195 | 3909195 | 3569079(*b) | 340116 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 2882483 | 2882483 | 3076451(*c) | -193968 |
| CFC(tied) | 0 | 7957685 | 7957685 | 3410739 | 4546946 |
| CFC(untied) | 0 | 4460517 | 4460517 | 3119307 | 1341210 |
| Maintenance Fund (Nonroad) | 0 | 5710969 | 5710969 | 4548588 | 1162381 |
| Maintenance Fund (Road) | 0 | 23588980 | 23588980 | 12611447(*d) | 10977533 |
| CSS (*E) | 0 | 0 | 0 | 1179639 | -1179639 |
| SSS (*F) | 0 | 0 | 0 | 962000 | -962000 |

വികസനഫണ്ട്, CSS, SSS എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

(*A) ACR പ്രകാരമുള്ള ചെലവ് 14690456/- രൂപയാണ്.

(*B) ACR പ്രകാരമുള്ള ചെലവ് 3461874/- രൂപയാണ്.

(*C) ACR പ്രകാരമുള്ള ചെലവ് 2614741/- രൂപയാണ്.

(*D) ACR പ്രകാരമുള്ള ചെലവ് 13854507/- രൂപയാണ്.

(*E) കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(*F) സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-3-1 ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ

2021-22വർഷത്തെ ഗ്രാന്റ് യൂട്ടിലൈസേഷൻ - സംബന്ധിച്ച്

1. ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 18502676 | 14690456 |
| വികസനഫണ്ട് (എസ്.സി.പി) | 3569079 | 3461874 |
| വികസനഫണ്ട് (ടി.എസ്.പി) | 3076451 | 2614741 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 12611447 | 13854507 |

വികസനഫണ്ടിലെ മേൽ വ്യത്യാസത്തിന് കാരണം ജി ഒ പ്രോജക്ടുകൾ ചെയ്തിട്ടുള്ളതുകൊണ്ടാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

2. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള കേന്ദ്രവിഷ്കൃത ഫണ്ടിന്റെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3.സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30 % എങ്കിലും ഉല്പാദന മേഖലയ്ക്ക് വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കുറഞ്ഞതുക 4532880/- രൂപയാണ്. എന്നാൽ ഉല്പാദന മേഖലയ്ക്ക് ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ തുക (4534250/-) വകയിരുത്തിയിരുന്നുവെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത് 4061971/-രൂപ മാത്രമാണ്.

ഉല്പാദന മേഖലയിലുള്ള പദ്ധതിയിൽ അനുയോജ്യരായ ഗുണഭോക്താക്കളുടെ അഭാവം മൂലമാണ് പ്രസ്തുത മേഖലയിൽ പൂർണമായും ചെലവഴിക്കാൻ കഴിയാത്തതെന്നാണ് മറുപടിയിൽ അറിയിച്ചത്.

4. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക 1090530/- ആണ്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ഘടക/ഉപഘടക പദ്ധതികളുടെ ചെലവ് പട്ടികപ്രകാരം 670000/- രൂപ മാത്രമാണ് പ്രസ്തുത മേഖലയ്ക്കായി വകയിരുത്തിയത്. ആയതിൽ നിന്നും 120930/- രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. വകയിരുത്തലിന്റെ 18% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

5. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.2.1(3) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിട്ടുള്ള ഇനമായി ഉൾപ്പെട്ടതാണ് പാലിയെറ്റീവ് പ്രോജക്ടിനുള്ള വിഹിതം. ബജറ്റ് അനുബന്ധം 2 പട്ടിക 9 (അനിവാര്യ പരിപാടികൾക്ക് വികസന ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ) പ്രകാരം വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും 800000/- രൂപയാണ് പ്രസ്തുത പ്രോജക്ടിനുള്ള അനിവാര്യവകയിരുത്തൽ തുക.എന്നാൽ പ്രസ്തുത മേഖലയിൽ മേൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായും ചെലവ് ചെയ്തിട്ടില്ല. 752672/- രൂപ മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്.

6. സ.ഉ.(കൈ) നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.2.1(6) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിട്ടുള്ള ഇനമായി ഉൾപ്പെട്ടതാണ് അഗതിരഹിതകേരളം പദ്ധതി (ആശ്രയ) വിഹിതം. ബജറ്റ് അനുബന്ധം 2 പട്ടിക 9 (അനിവാര്യ പരിപാടികൾക്ക് വികസന ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ) പ്രകാരം വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും 150000/- രൂപയാണ് പ്രസ്തുത പ്രോജക്ടിനുള്ള അനിവാര്യവകയിരുത്തൽ തുക. എന്നാൽ പ്രസ്തുത മേഖലയിൽ മേൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ്

ചെയ്തിട്ടില്ല.

7. B-4 Schedule പ്രകാരമുള്ള തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | ഹെഡ്ഡ്കോഡ് | ഇനം | B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | ഓഡിറ്റ് എൻക്വയറി നം – 14/12.12.2022ന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | 320100115 | CSS-Total Sanitation Campign | 1533255 | 2022-23 ൽ ചെലവഴിച്ച് വരുന്നു |
| 2 | 320100116 | CSS-Sarva Siksha Abhiyan | 146400 | പ്രസ്തുത തുക തിരിച്ചടയ്ക്കുന്നതിന് ഹെഡ് ഓഫ് അക്കൗണ്ട് ലഭ്യമാകാത്തതിനാൽ തുക അവശേഷിക്കുന്നു |
| 3 | 320100117 | CSS-Western Ghat Development Shceme | 6162 | ,, |
| 4 | 320100121 | CSS-ICDS | 877216 | 2022-23 ൽ ചെലവഴിച്ച് വരുന്നു |
| 5 | 320200207 | Funds For Transferred Institutions-Ayurveda -Capital | 50 | പ്രസ്തുത തുക തിരിച്ചടയ്ക്കുന്നതിന് ഹെഡ് ഓഫ് അക്കൗണ്ട് ലഭ്യമാകാത്തതിനാൽ തുക അവശേഷിക്കുന്നു |
| 6 | 320200309 | Literacy Scheme Grant | 3399 | ,, |
| 7 | 320200312 | Grant For Festivals | 17751 | ,, |
| 8 | 320300199 | Grants, Funds & Contributions For Specific Purposes-Other Government Agencies- | 225471 | 2022-23 ൽ ചെലവഴിച്ച് വരുന്നു |
| 9 | 320400199 | Grants, Funds & Contributions For Specific Purposes-Other Financial Agencies- | 1630000 | - |
| 10 | 320700204 | Contributions For Joint Venture Projects For Revenue Expenditure- From Block Panchayats | 1670746 | - |
| 11 | 320700205 | Contributions For Joint Venture Projects For Revenue Expenditure- From District Panchayats | 257617 | - |
| 12 | 320700304 | Contributions For Other Specific Purposes For Capital Expenditure- From Block Panchayats | 300000 | - |
| 13 | 320700404 | Contributions For Other Specific Purposes For Revenue Expenditure-From Block Panchayats | 10000 | 2022-23ൽ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. |
| 14 | 350200301 | Recoveries Payable -Covid | 111400 | കോവിഡുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെ ഓണറേറിയത്തിൽ നിന്നും സമാഹരിച്ച തുകയാണ്. സർക്കാർ നിർദ്ദേശാനുസരണം ചെലവഴിക്കുന്നതാണ്. |

ക്രമ നം 10, 11, 12, 13 എന്നീ ഹെഡുകളിലെ 20-21 ലെ നീക്കിയിരിപ്പ് തുകകൾ തന്നെയാണ് 2021-22 ലും ചെലവഴിക്കാതെ അവശേഷിക്കുന്നത്.

8. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം – അപാകതകൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്.

9. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

B-4 Schedule പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 253390/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച ഗുണഭോക്തൃവിഹിതമാണെന്നും അരുവിക്കര വാട്ടർ അതോറിറ്റിയിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ടി തുക വാട്ടർ അതോറിറ്റിയ്ക്ക് നൽകുന്നതാണെന്നുമാണ് മറുപടി നൽകിയത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം -14/12.12.2022 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചതിനു ശേഷമുള്ള പരാമർശങ്ങളാണ് മുകളിൽ പരാമർശിച്ചിട്ടുള്ളത്.

ചെലവഴിക്കാതെ അവശേഷിക്കുന്ന മുഴുവൻ തുകയും സംബന്ധിച്ച് തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

1) ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി പുനഃ സംഘടിപ്പിച്ചിട്ടില്ല.

2) വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 04.02.21, 20.02.21 എന്നീ തീയതികളിലായി വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നു.

പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

3) വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ഏതാനും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | വിദ്യാഭ്യാസം | 05.02.21 | ലഹരി ബോധവൽക്കരണക്ലാസ് പ്രതിമാസം നടത്തി തുടർനടപടികൾ നടത്തുക |
| 2 | ദാരിദ്ര ലഘൂകരണം | 05.02.21 | അഗതിരഹിത കേരളം പദ്ധതി നടപ്പിലാക്കുക |
| 3 | പട്ടികവർഗ്ഗ വികസനം | 05.02.21 | 1.വനവിഭവങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി വിപണനം നടത്താൻ വിപണനകേന്ദ്രങ്ങളും പരിശീലനങ്ങളും നടപ്പിലാക്കുക<br>2.മുഴുവൻ സെറ്റിൽമെന്റുകളിലും ഘട്ടം ഘട്ടമായി ആനകൊപ്പം സ്ഥാപിക്കുക |
| 4 | പട്ടികജാതി വികസനം | 06.02.21 | പട്ടികജാതികോളനികൾ കേന്ദ്രീകരിച്ച് യുവതീയുവാക്കൾക്ക് ആരോഗ്യവിദ്യാഭ്യാസ ബോധവൽക്കരണം നടത്തുക |
| 5 | ആരോഗ്യം | 06.02.21 | വനമേഖലയിൽ ആയുർവേദ വിഭാഗത്തിന്റെ മരുന്ന് വിതരണം പ്രോജക്ട് വയ്ക്കണം. |

മേൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം-24/14.12.22ന് നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

4) സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങളും അവയുടെ പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | ഓഡിറ്റ് എൻക്വയറി നം-24/14.12.22ന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | പൊതുമരാമത്ത് | അതീവ ഗുരുതരം | അറവ്ശാലകളിലെ മാലിന്യസംസ്കരണം ശരിയായ രീതിയിലല്ല | സർക്കാർ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. |
| 2 | ആരോഗ്യം | അതീവ ഗുരുതരം | ജലദൗർലഭ്യം പരിഹരിക്കുക | ജലജീവൻ പദ്ധതി മുഖാന്തിരം കുടിവെള്ളം എല്ലാ പ്രദേശങ്ങളിലും എത്തിക്കുന്നതിന്നതിന് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. |
| 3 | കുടിവെള്ളം | അതീവ ഗുരുതരം | നീരുറവകൾ സംരക്ഷിക്കപ്പെടുന്നില്ല | തുകയുടെ അഭാവമുള്ളതിനാൽ നിലവിൽ നീരുറവ സംരക്ഷണം എം എൻ ആർ ഇ ജി എസ് പദ്ധതി മുഖാന്തിരം നടപ്പിലാക്കി വരുന്നു. |
| 4 | ശുചിത്വം | അതീവ ഗുരുതരം | വ്യാപാരസ്ഥാപനങ്ങളിലെ സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കാൻ സംവിധാനം ഒരുക്കുന്നില്ല | ഹരിതകർമ്മസേന വഴി നടപടികൾ സ്വീകരിച്ചുവരുന്നു |

5. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽതുക 235767924/- രൂപയും ചെലവ് 55195643/- രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 23% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | മേഖല | വകയിരുത്തിയതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗംജനറൽ | ഉല്പാദനം | 9302415 | 5175976 | 56% |
| | സേവനം | 136513120 | 25279217 | 18.5% |
| | പശ്ചാത്തലം | 27486410 | 15717912 | 57% |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 240000 | 240000 | 100% |
| | സേവനം | 10815482 | 3599079 | 33% |
| | പശ്ചാത്തലം | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| പട്ടിക വർഗ്ഗ വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 51139438 | 4912400 | 10% |
| | പശ്ചാത്തലം | 271059 | 271059 | 100% |

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 67920 | 130 |
| കർഷക തൊഴിലാളി പെൻഷൻ | 2596000 | 168 |
| വിധവ പെൻഷൻ | 16076000 | 1118 |
| വാർദ്ധക്യകാല പെൻഷൻ | 28908400 | 2340 |
| വികലാംഗ പെൻഷൻ | 4513600 | 304 |
| വിവാഹ ധനസഹായം | 60000 | 02 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 434800 | 27 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

I) ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് (രജിസ്റ്റേഷൻ നം. 01/21 തീയതി 08.01.21 മുതൽ 120/21 തീയതി 27.12.21 വരെയുള്ള മരണറിപ്പോർട്ടുകളാണ് പരിശോധിച്ചത്). വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | ഭാരതിഅമ്മ | 102600200690 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 25.12.20 | 01/21-04/22 | 25300 |
| 2 | രാജേന്ദ്രൻ | 102600202223 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 21.12.20 | 01/21-09/22 | 12600 |
| 3 | രാമചന്ദ്രൻ ആർ. ബി. | 102600400173 | ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം | ആക്ടീവ് | 24.12.20 | 01/21-09/22 | 33300 |
| 4 | ഗോമതി അമ്മ | 102600200713 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 30.12.20 | 01/21-09/22 | 33300 |
| 5 | വാസവൻ പി ജോസഫ് | 102600202405 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 30.12.20 | 01/21-09/22 | 25600 |
| 6 | റുഖിയ ബീവി | 102600202124 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 09.01.21 | 02/21-09/22 | 31800 |
| 7 | ചക്രപാണി ഡി | 102600200662 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 13.11.20 | 12/21-09/22 | 34700 |
| 8 | വിജയൻ ഇ | 102600202029 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 17.01.21 | 02/21-09/22 | 31800 |
| 9 | പുഷ്പാംഗദൻ പിള്ള | 102600201219 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 13.11.20 | 12/20-10/21 | 17100 |
| 10 | വാസുദേവൻ നായർ ബി | 102600201683 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 23.01.21 | 02/21-04/21 | 4600 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | തങ്കമ്മ | 102600200596 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 23.01.21 | 02/21-09/22 | 31800 |
| 12 | കമലഭായി | 102600200629 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 19.02.21 | 03/21-09/22 | 30300 |
| 13 | മോഹനൻ | 026004002415 | ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം | സസ്പെൻഡ് | 27.02.21 | 03/21-08/21 | 9500 |
| 14 | സീതക്കുട്ടി അമ്മ | 102600201580 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 29.03.21 | 04/21-06/21 | 4800 |
| 15 | വിലാസിനി | 102600600868 | വിധവ പെൻഷൻ | ആക്ടീവ് | 05.04.21 | 05/21-09/22 | 27200 |
| 16 | വിജയൻ.സി | 102600202166 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 28.03.21 | 04/21-08/22 | 10200 |
| 17 | അപ്പുക്കുട്ടൻ | 102600200743 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 25.05.21 | 06/21-09/22 | 25600 |
| 18 | പ്രസീന | 102600200402 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 24.04.21 | 05/21-09/22 | 27200 |
| 19 | നേശയ്യൻ | 102600201273 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 03.05.21 | 06/21-09/22 | 25600 |
| 20 | ലീല | 102600202289 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 24.05.21 | 06/21-09/22 | 25600 |
| 21 | ഇസ്മായിൽ | 102600201892 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 30.05.21 | 06/21-09/22 | 11200 |
| 22 | സരസ്വതി പി | 102600600316 | വിധവ പെൻഷൻ | ആക്ടീവ് | 18.05.21 | 06/21-09/22 | 25600 |
| 23 | ഐറിൻ ജെ | 102600200505 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 29.04.21 | 05/21-06/21 | 3200 |
| 24 | രേണുക എസ് | 102600600467 | വിധവ പെൻഷൻ | ആക്ടീവ് | 22.05.21 | 06/21-09/22 | 25600 |
| 25 | മധുസൂദനൻ നായർ | 102600202490 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 17.06.21 | 07/21-09/22 | 14000 |
| 26 | എസ്.വിജയചന്ദ്രൻ | 102600202093 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 07.06.21 | 07/21-08/22 | 22400 |
| 27 | സുധാകുമാരി.ജെ | 102600600106 | വിധവ പെൻഷൻ | ആക്ടീവ് | 23.06.21 | 07/21-09/22 | 24000 |
| 28 | ദേവദാസൻ ഡി. | 102600200390 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 17.05.21 | 06/21-09/22 | 25600 |
| 29 | സോമൻ പി | 102600201214 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 21.07.21 | 08/21-09/22 | 22400 |
| 30 | വിജയമ്മ എ | 102600201502 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 26.07.21 | 08/21-09/22 | 22400 |
| 31 | നാരായണി.കെ | 102600200197 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 25.07.21 | 08/21-09/22 | 22400 |
| 32 | സൽമാബിവി | 102600200321 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 09.08.21 | 09/21-09/22 | 20800 |
| 33 | ലളിത ബി. | 102600200348 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 07.09.21 | 10/21-09/22 | 19200 |

| | | | | | | | |
|---|---|---|---|---|---|---|---|
| 34 | സുലൈമാൻ | 102600200698 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 26.09.21 | 10/21-09/22 | 19200 |
| 35 | രാഘവൻ | 102600100037 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 09.05.21 | 06/21-09/22 | 25600 |
| 36 | അബൂബേക്കർ കുഞ്ഞ് | 102600200294 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 20.07.21 | 08/21-09/22 | 22400 |
| 37 | സരസമ്മ കെ. | 102600200806 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 13.10.21 | 11/21-09/22 | 17600 |
| 38 | സരസമ്മ എം | 102600200083 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 23.11.21 | 12/21-09/22 | 16000 |
| 39 | ലളിത | 102600600252 | വിധവ പെൻഷൻ | ആക്ടീവ് | 15.12.21 | 01/22-09/22 | 14400 |

ക്രമ നം. 01 ൽ May 2022 മുതലും, ക്രമ നം. 23 ൽ June 21 മുതലും തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല, Account Closed Or Transferred എന്നാണ് സ്റ്റാറ്റസിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ii) ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല.

iii) ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമായവരുടേയും വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. രജിസ്ട്രേഷൻ നം. 01/21 തീയതി 08.01.21 മുതൽ 120/21 തീയതി 27.12.21 വരെയുള്ള മരണറിപ്പോർട്ടുകൾ മാത്രമാണ് പരിശോധിച്ചത്. 120/21 ാം രജിസ്ട്രേഷൻ നമ്പറിനു 27.12.21 ശേഷം 31.03.2022 വരെയുള്ള ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണറിപ്പോർട്ടുകൾ പരിശോധിച്ച് മരണശേഷവും ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

Iv) ധനകാര്യവകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മൂഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 22/13 .12.22ന് മരണപ്പെട്ടവരെ സേവന വെബ്സൈറ്റിൽ നിന്നും ഒഴിവാക്കിയതായും, മരണപ്പെട്ടതിനു ശേഷം വിതരണം ചെയ്ത തുക തിരികെ ഈടാക്കുന്നതിന് ബാങ്കുകൾക്ക് 16.12.22 ന് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

V) സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | മരണപ്പെട്ട തീയതി | പെൻഷണർ ഐഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | നീലമ്മ | 16.08.21 | 102600200766 | ആക്ടീവ് |
| 2 | ഓമന | 09.09.21 | 102600200613 | ആക്ടീവ് |
| 3 | തങ്കപ്പൻ നാടാർ | 07.11.21 | 102600201696 | ആക്ടീവ് |

Vi) മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിച്ചിട്ടില്ല.

പെൻഷൻ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിനെ/പെൻഷൻ വിതരണസ്ഥാപനത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്/പെൻഷണറുടെ പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | പൂവച്ചൽ ഗ്രാമപഞ്ചായത്ത് രവി ജി | 102560205317 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 25.02.21 | 03/21-09/22 | 30300 |
| 2 | അമ്പൂരി ഗ്രാമപഞ്ചായത്ത് സരോജം എസ് | 102900600153 | വിധവ പെൻഷൻ | ആക്ടീവ് | 24.04.21 | 05/21-09/22 | 31600 |

മേൽ അപാകം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം - 22/13.12.22ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് ആയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം

കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുണ്ട്. (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.03.2021 ലെ എ ഡി പി -ടി വി എം711/2020PA 2 നം. കത്ത്) അനർഹമായി തുക കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും വിലാസവും | പെൻഷൻ ഐഡി | അനർഹമായി തുക വിതരണം ആരംഭിച്ച തീയതി |
|---|---|---|---|
| 1 | അംബിക.എസ് | 102600201121 | 01-01-2014 |
| 2 | പൊന്നമ്മ | 102600201184 | 01-01-2014 |
| 3 | ശാന്തകുമാരി.കെ | 102600201462 | 01-12-2015 |
| 4 | യശോദ.എം | 102600201509 | 01-03-2016 |
| 5 | ജോയിസ്.എം | 102600201613 | 01-04-2016 |
| 6 | സരോജം.കെ | 102600201872 | 01-10-2016 |
| 7 | ആനന്ദവല്യമ്മ | 102600202032 | 01-03-2017 |
| 8 | ഷിനി.ആർ.ശേഖർ | 102600400072 | 01-01-2009 |
| 9 | രവി.പി | 102600400100 | 01-01-2009 |
| 10 | ജ്ഞാനസെൽവം.ആർ | 102600600141 | 01-10-2008 |
| 11 | ജഗദമ്മ | 102600600794 | 10-09-2012 |
| 12 | വൽസലകുമാരി | 102600600878 | 01-01-2014 |
| 13 | ബീന.എസ് | 102600600956 | 05-09-2014 |
| 14 | സുരേഷ്.ജെ | 102600202041 | 24-10-2018 |
| 15 | ജയശ്രീ.എസ് | 102600202051 | 24-10-2018 |

അനർഹമായി കൈപ്പറ്റിയ തുക എത്രയാണെന്ന് അറിയിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട തുടർനടപടി വിവരങ്ങൾ സംബന്ധിച്ച് ലഭ്യമാക്കിയ ഫയലിൽ മേൽ പട്ടികയിലുള്ളവർക്ക് കത്ത് നൽകിയിട്ടുണ്ട്. 24.06.2021 ൽ നൽകിയ പ്രസ്തുത കത്തിനു ശേഷം അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷാ പെൻഷൻ തുകകൾ തിരികെ ഈടാക്കുന്നതിനു തുടർനടപികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നം. 8.2.2021 ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 31/16.12.22ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പട്ടികയിലെ

ഗുണഭോക്താക്കളുടെ പിപിഒ നമ്പറുകൾ ലഭ്യമാക്കേണ്ടതാണ്. മേൽ പട്ടികയിലെ തുകകൾ സർക്കാരിലേക്ക് ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2022 11.20 AM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 930/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാണ്. ഫ്രണ്ട് ഓഫീസ് ഡയറി, ഡ്യൂട്ടി രജിസ്റ്റർ, ഇൻവേഡ് രജിസ്റ്റർ, സ്റ്റാഫ് മീറ്റിംഗ് മിനിട്സ് ബുക്ക് എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്. സ്റ്റാഫ് മീറ്റിംഗ് 02-07-2021 നം 20-10-2021 നം മാത്രമെ 2021-22 കാലയളവിൽ കൂടിയിട്ടുള്ളൂ. പൗരാവകാശ രേഖ 2021ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെത്തുന്ന പൊതുജനങ്ങൾക്കായി കുടിവെള്ളം, ടോയ് ലെറ്റ് സംവിധാനം, ഫീഡിംഗ് റൂം സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ടെങ്കിലും വളരെ പരിമിതമായ സൗകര്യങ്ങളാണ് പഞ്ചായത്തിനുള്ളത്. തനത് വരവ് പിരിച്ചെടുക്കുന്നതിൽ പോരായ്മകൾ നിലനിൽക്കുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജിതപ്പെടുത്തേണ്ടതാണ്. കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല. ഗ്രാമസഭ എടുക്കുന്ന തീരുമാനങ്ങൾ പ്രോജക്ടുകളായി പരിണമിക്കുന്നില്ല. പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകേണ്ട പല പ്രോജക്ടുകളും ലക്ഷ്യം കൈവരിക്കാതെ പോകുന്നു (ഉദാ.ഉന്നൂർമൂഴി). മരണപ്പെട്ടവരുടെ പെൻഷൻ സ്റ്റാറ്റസ് ഓഡിറ്റ് കാലയളവിലും ആക്ടീവായി തുടരുന്നതിനാൽ ഇപ്പോഴും മരിച്ചവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം നടക്കുന്നു. മറ്റ് വകുപ്പുകളിൽ നിന്നും അനുമതി വാങ്ങേണ്ട പ്രോജക്ടുകളിൽ (ഫോറസ്റ്റ് വകുപ്പ്) ഫണ്ട് വകയിരുത്തുന്നതിനുമുൻപു തന്നെ അനുമതി ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ഫണ്ടുകൾ ലാപ്സാകുന്ന സ്ഥിതിവിശേഷം സംജാതമാകുന്നു. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ അനിവാര്യമാണ്. പ്രോജക്ടിന്റെ ആരംഭഘട്ടത്തിൽ ഉള്ള വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് നിർവഹണം കഴിയുമ്പോൾ മോണിട്ടറിംഗ് ഗ്രൂപ്പുകളായി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. അത്തരം മോണിട്ടറിംഗ് റിപ്പോർട്ടുകൾ പ്രോജക്ടുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2650 | 1224503 | 1227153 | 174004 | 1053149* |
| | 0 | 56729319 | 56729319 | 56729319 | 0 |
| ആകെ | 2650 | 57953822 | 57956472 | 56903323 | 1053149 |

*ഭരണച്ചെലവിലെ മുന്നിരിപ്പ്, വരവ് എന്നിവയിൽ നിന്നും ചെലവ് കഴിഞ്ഞുള്ള നീക്കിയിരിപ്പ് AFS ലെ (B4) നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതിന്റെ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.05.2022 മുതൽ 09.05.2022 വരെ | 01.08.2022 മുതൽ 31.03.2022 വരെ | 09.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.03.2022 മുതൽ 19.03.2022 വരെ | 2019-20 | 07.04.2022 |

## 1-10 റേഷൻകടകളിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2021-22 വർഷത്തിൽ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/09.12.2022 ന് മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് അറിയിപ്പ് നൽകിയിരുന്നുവെങ്കിലും റേഷൻകടക്കാർ ആരും തന്നെ തൊഴിൽ നികുതി ഈടാക്കാത്ത സാഹചര്യമാണ് നിലവിലുള്ളത് എന്ന് അറിയിച്ചിരിക്കുന്നു. കൂടാതെ തുടർ നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്) എ9-764/2019 -ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് സ്പഷ്ടീകരണം

ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-11 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2021-22 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തതും അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ ജോലി ചെയ്തതുമായ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടിയിരുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.06/09.12.2022 ന് ലഭ്യമാക്കിയ മറുപടിയിൽകരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നും നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും വിവരങ്ങൾ ശേഖരിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം 11) ഓഡിറ്റ് വർഷം 9കരാറുകാർ 60 ദിവസത്തിലധികം തൊഴിൽ ചെയ്തതായി അറിയിച്ചിട്ടുണ്ട്. ഈ കരാറുകാരുടെ വിവരങ്ങൾ സ്വീകരിച്ച് തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-12 ജീവനക്കാരിൽ നിന്നും ഒരു അർദ്ധവർഷം മാത്രമെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (എഫ്) പ്രകാരം ആഗസ്റ്റ് മാസത്തിന്റെയും,ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് തൊഴിൽ നികുതി ഒടുക്കു വരുത്തേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചതിൽചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒരു അർദ്ധവർഷം മാത്രമെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ എന്ന് ബോധ്യപ്പെട്ടു.

| സ്ഥാപനം | ഒന്നാം അർദ്ധവർഷം ഈടാക്കിയ തുക | രണ്ടാം അർദ്ധവർഷം ഈടാക്കിയ തുക. |
|---|---|---|
| മിൽക്ക് സൊസൈറ്റി കുറ്റിച്ചൽ | 900 | ഒടുക്കിയില്ല. |
| ഉത്രാടം ഫിനാൻസ് | 300 | ഒടുക്കിയില്ല. |
| സെന്റ്.ആന്റണീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ കുറ്റിച്ചൽ | 720 | ഒടുക്കിയില്ല. |
| കാട്ടകണ്ടം മിൽക്ക് സൊസൈറ്റി, | ഒടുക്കിയില്ല. | 600 |
| കുറ്റിച്ചൽ പഞ്ചായത്ത് റസിഡൻഷ്യൽ അസോസിയേഷൻ. | ഒടുക്കിയില്ല. | 3430 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/09.12.2022) മറുപടിയായി ഈ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെന്നും,സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-13 അസി.എഞ്ചിനീയർ കൈകാര്യം ചെയ്ത രസീത് ബുക്ക് പരിപാലനത്തിലെ അപാകതകൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയിലെ വ്യവസ്ഥകൾ / നിബന്ധനകൾ രസീത് പുസ്തകങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

2. ക്യാൻസൽ ചെയ്യുന്ന മാന്വൽ രസീതുകളിൽ ക്യാൻസൽ ചെയ്യുവാനുള്ള കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (ബുക്ക് നം. 12284/16-15.01.2022).

3. രസീത് പുസ്തകങ്ങളിൽ അതാത് സാമ്പത്തിക വർഷം കഴിഞ്ഞും ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ് (ബുക്ക് നം. 12284/26 മുതൽ ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല).

## 1-14 ഫലവൃക്ഷങ്ങളിൽ നിന്നുമുള്ള ആദായമെടുക്കൽ വരുമാനം പഞ്ചായത്തിൽ എത്തുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഉത്തരംകോട് മാർക്കറ്റ്, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളായ കൃഷി ഭവൻ, മൃഗാശുപത്രി, കോട്ടൂർ യു.പി.എസ്സ് എന്നിവിടങ്ങളിലെ ഫലവൃക്ഷങ്ങളിൽ നിന്നും ആദായം എടുക്കുവാനുള്ള അവകാശം ശ്രീമതി ഗ്രീഷ്മ, കോട്ടൂർ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ടിയാൾ ഈ ഇനത്തിൽ തൻവർഷം 1050/- രൂപ ഇനിയും ഒടുക്കു വരുത്തിയിട്ടില്ല.

കൂടാതെ 2020-21 ൽ ഉത്തരംകോട് മാർക്കറ്റ്, കോട്ടൂർ യു.പി.എസ്സ്, എന്നിവിടങ്ങളിലെ ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം, ഉപ്പനച്ചംകാല ലക്ഷംവീട് കോളനിയിലെ തെങ്ങിൽ നിന്നുള്ള ആദായം എന്നിവ എടുക്കുവാനുള്ള അവകാശവും ശ്രീമതി ഗ്രീഷ്മ, കോട്ടൂർ എന്ന വ്യക്തിക്ക് തന്നെയാണ് നൽകിയിട്ടുള്ളത്. ഈയിനത്തിലും 885/- രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ടിയാൾ മുൻവർഷം ലേലം കൊണ്ടവകയിൽ കുടിശ്ശിക വരുത്തിയിട്ടും അത് ഈടാക്കാതെ ടിയാൾക്ക് തന്നെ തൻവർഷവും ലേല അനുമതി നൽകിയതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 കടമുറിയുടെ വാടകയിനത്തിൽ 4200/-രൂപ ഈടാക്കാനവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 11 കടമുറികൾ ഉണ്ട് (കോട്ടൂർ 5 കടമുറികൾ, കുറ്റിച്ചൽ 6 കടമുറികൾ). എന്നാൽ 2021-22 ൽ ഇവയിൽ 10 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല. പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളെക്കുറിച്ചും വാടകയ്ക്ക് നൽകാത്തതിന്റെ കാരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 12 നൽകിയിരുന്നു.

കൂടാതെ കുറ്റിച്ചലിൽ ഒരു കടമുറി വാടകയ്ക്ക് എടുത്തിരിക്കുന്ന മാവേലി സ്റ്റോറിന് നിശ്ചയിച്ചിരിക്കുന്ന വാടക പ്രതിമാസം 1100/- രൂപ നിരക്കിൽ വാർഷിക വാടക 13200/- ആണ്. എന്നാൽ സ്ഥാപനം ഓഡിറ്റ് വർഷം 750/- രൂപ നിരക്കിൽ ആകെ 9000/- രൂപ മാത്രമെ ഒടുക്കു വരുത്തിയിട്ടുള്ളൂ. 4200/- രൂപ ഇനിയും ഒടുക്കു വരുത്തുവാൻ അവശേഷിക്കുന്നു. പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കോവിഡ് പ്രതിസന്ധിമൂലമാണ് ലേലം നടത്തി കടമുറികൾ വാടകയക്ക് നൽകാൻ കഴിയാതിരുന്നതെന്നും അറിയിച്ചു. തുടർ വർഷങ്ങളിൽ കൂടുതൽ ജാഗ്രത ആവശ്യമാണ്.

## 1-16 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (Ii) (Iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|
| ഉത്രാടം ഫിനാൻസ് പരുത്തിപ്പള്ളി. | രണ്ടാം അർദ്ധവർഷം |
| ആര്യവൈദ്യശാല കുറ്റിച്ചൽ. | രണ്ടാം അർദ്ധവർഷം |
| ജയശ്രീ ഫിനാൻസ് | ഒന്നാം അർദ്ധവർഷം |
| ഐശ്വര്യ ഫിനാൻസ് കുറ്റിച്ചൽ | ഒന്നാം അർദ്ധവർഷം |
| മിൽക്ക് സൊസൈറ്റി കുറ്റക്കോണം | ഒന്നാം അർദ്ധവർഷം |
| കുറ്റിച്ചൽ പഞ്ചായത്ത് റസിഡൻസ് വെൽഫയർ സഹകരണ സംഘം | ഒന്നാം അർദ്ധവർഷം |

നികുതി ഈടാക്കാത്തതിന് ഓഡിറ്റ് അന്വേഷണം -6/ 2022തീയതി:09.12.2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന്

മറുപടി ലഭ്യമാക്കി. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204,205 വകുപ്പുകൾ , കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ 2021-22 വർഷത്തെ സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

## 1-17 എൻ.ആർ.ജി.എസ്.-മെറ്റീരിയൽ വർക്കുകളിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കുന്നില്ല

2021-22 ലെ NREGS വർക്കുകളിലെ മെറ്റീരിയൽ സപ്ളൈ ചെയ്യുന്നതിന് ടെണ്ടർ ലഭിച്ച ശ്രീ.ശ്രീകുമാർ GST തുക പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ വരുന്ന സാമ്പത്തിക ഇടപാടുകൾ MIS മുഖേന ആയതിനാൽ 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന പദ്ധതികളുടെ ബില്ലുകളിൽ നിന്നും 2% TDS സ്രോതസ്സിൽ നിന്നും ഈടാക്കാൻ കഴിയുകയില്ല. പകരം കോൺട്രാക്ടർ ടി തുക പഞ്ചായത്ത് ഓഫീസിൽ അടവാക്കണമെന്ന് നിർദ്ദേശമുണ്ട്. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടവാക്കേണ്ടതുണ്ട്. ഇപ്രകാരം GST, ആദായ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം. 36/16.12.2022) മറുപടിയായി ആദായ നികുതി കോൺട്രാക്ടർമാർ അടയ്ക്കുന്നില്ലായെന്നും GST കോൺട്രാക്ടർ ശ്രീകുമാർ ഒഴികെ മറ്റുള്ളവർ അടയ്ക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആദായ നികുതി, ജി.എസ്.ടി. എന്നിവ എല്ലാ ബില്ലുകളിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. എല്ലാ ബില്ലുകളിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കുന്നുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

## 1-18 പി എം എ വൈ വിഹിതം (SCP) - വിശദമായ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 238/2022 |
| പേര് | പി എം എ വൈ വിഹിതം |
| അടങ്കൽ | 350000/- (വി.ഫ.SCP) |
| ചെലവ് | രൂപ 350000/- |
| ബിൽ നം. | 48/2021-22 തീയതി 30.03.2022 രൂപ 350000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, കോട്ടൂർ സർക്കിൾ |

ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന മേൽ പ്രോജക്റ്റിൽ ഗ്രാമ പഞ്ചായത്തിൽ 5 ഗുണഭോക്താക്കളാണുള്ളത് (SC-5). മേൽ പദ്ധതി നടപ്പിലേക്കായി വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്കുള്ള അക്കൗണ്ടിലേക്ക് (799011400003096) പദ്ധതി തുക കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം, മറ്റ് വിശദാംശങ്ങൾ എന്നിവ ഓഡിറ്റ് എൻക്വയറി നമ്പർ -15/2021-22 തീയതി : 12.12.2022 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പദ്ധതിത്തുക ഏതാവശ്യത്തിന് എപ്രകാരം വിനിയോഗിച്ചുവെന്നതിനുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. മേൽ പദ്ധതി നടപ്പിലേക്കായി വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറിയ 350000/- രൂപയുടെ വിശദമായ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 പി എം എ വൈ വിഹിതം (ജനറൽ) - വിശദമായ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 45/2022 |
| പേര് | പി എം എ വൈ വിഹിതം |
| അടങ്കൽ | 840000/- (വി.ഫ.പൊ.വി) |
| ചെലവ് | രൂപ 840000/- |
| ബിൽ നം. | 01/2021-22 തീയതി 11.08.2021 രൂപ 560000/-<br>45(22)/2021-22 തീയതി 18.01.2022 രൂപ 70000/-<br>45(28)/2021-22 തീയതി 16.03.2022 രൂപ 210000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, കുറ്റിച്ചൽ സർക്കിൾ |

ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന മേൽ പ്രോജക്ടിൽ ഗ്രാമ പഞ്ചായത്തിൽ 12 (ജനറൽ-12) ഗുണഭോക്താക്കളാണുള്ളത്. മേൽ പദ്ധതി നടപ്പിലേക്കായി വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്കുള്ള അക്കൗണ്ടിലേക്കാണ് (799011400003096) പദ്ധതി തുക കൈമാറിയിട്ടുള്ളത്. മേൽ തുകയുടെ വിനിയോഗ വിവരം മറ്റ് വിശദാംശങ്ങൾ എന്നിവ ഓഡിറ്റ് എൻക്വയറി നമ്പർ -23/2021-22 തീയതി : 14.12.2022 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ടി തുക ഏതാവശ്യത്തിന് എപ്രകാരം വിനിയോഗിച്ചുവെന്നതിനുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. മേൽ പദ്ധതി നടപ്പിലേക്കായി വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറിയ 8,40,000/- രൂപയുടെ വിശദമായ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 പാഥേയം പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 11/2022 |
| പേര് | പാഥേയം പദ്ധതി (ജനറൽ വിഹിതം) |
| അടങ്കൽ | 523200(വി.ഫ.പൊ.വി) |
| ചെലവ് | രൂപ 523200/- |
| ബിൽ നം. | 11/2021-22 തീയതി 05.01.2022 രൂപ 523200/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, കുറ്റിച്ചൽ സർക്കിൾ |

മേൽ പ്രോജക്ട് പ്രകാരം തിരു. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്കുള്ള അക്കൗണ്ടിലേക്കാണ് (799010100309194) പദ്ധതി തുക കൈമാറിയിട്ടുള്ളത്. മേൽ തുകയുടെ വിനിയോഗ വിവരം, മറ്റ് വിശദാംശങ്ങൾ എന്നിവയും ഗുണഭോക്താക്കളുടെ വിവരവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -23/2021-22 തീയതി : 14.12.2022) മറുപടിയായി പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തിരു. ജില്ലാ പഞ്ചായത്തിന് കൈമാറിയ പദ്ധതിത്തുകയുടെ വിനിയോഗവിവരമോ, പഞ്ചായത്തിലെ അർഹരായവർക്ക് പദ്ധതിയുടെ ഗുണം ലഭിക്കുന്നുവെന്നതിന് തെളിവുകളോ ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-21 പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി-പൂർണ്ണമായ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | 30/2021-22 |
| പേര് | പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി (പൊതു വിഭാഗം) |
| അടങ്കൽ | വികസനഫണ്ട് (രൂപ 675000)<br>ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) രൂപ 675000/- |
| ചെലവ് | ബിൽ നം. 23/2021-22 Dtd 10.03.2022, RS.675000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്റിനറി സർജൻ |

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 54 കന്നുക്കുട്ടികൾക്ക് 28 മാസക്കാലം 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനും കന്നുകുട്ടികളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുവാനുമാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത് [സ.ഉ.(എം.എസ്)22/തസ്വഭവ തീയതി 14-02-2018 ഖണ്ഡിക 6.2 ക്രമ നമ്പർ 6]. പ്രോജക്ടിനായി Deputy Director SLBP TVM- ന്റെ അക്കൗണ്ടിലേക്ക് കൈമാറിയ 675000/- (A/C No.701011400000196) രൂപയുടെ വിനിയോഗ വിവരങ്ങൾ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം. 05/2021-22 തീയതി 09.12.2022) 308799/- രൂപയുടെ വിനിയോഗത്തിനുള്ള വിവരങ്ങൾ ഹാജരാക്കിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിനായി കൈമാറിയ തുകയിൽ വിനിയോഗ വിവരം ലഭ്യമാക്കാൻ ബാക്കി നിൽക്കുന്ന 366201/- രൂപയുടെ വിനിയോഗത്തിനുള്ള വിവരങ്ങൾ കൂടി പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-22 മരാമത്ത് - റോഡ് പ്രവൃത്തികളിൽ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗം ഉറപ്പുവരുത്തേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ 14 റീടാറിംഗ് പ്രവൃത്തികളിൽ 2 റോഡ് പ്രവൃത്തികളിൽ മാത്രമാണ് ഷ്രെഡഡ്പ്ലാസ്റ്റിക്

ഉപയോഗിച്ചിട്ടുള്ളത് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/09.12.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഗ്രാമപഞ്ചായത്തിൽ നിർവ്വഹണം നടത്തുന്ന റോഡ് ടാറിംഗ് പ്രവ്യത്തികളുടെ 10% പ്രവ്യത്തികളിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പിലാക്കിയ വിവിധ മരുന്ന വാങ്ങൽ പ്രോജക്ടുകളിൽ 1,50,000/രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല - 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

*മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പിലാക്കിയ വിവിധ മരുന്ന വാങ്ങൽ പ്രോജക്ടുകളിൽ സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതായി കാണുന്നില്ല.*

A. പ്രോജക്റ്റ് നം S0005/22

HOMCO ക്ക് ഒരു ലക്ഷം രൂപ ബിൽ നം 3/28.02.2021 പ്രകാരം മരുന്ന വാങ്ങലിനായി നൽകിയിട്ടുണ്ട്. മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

B. പ്രോജക്റ്റ് നം S0117/22 (കോവിഡ് പ്രതിരോധ മരുന്ന്)

HOMCO ക്ക് ഒരു ലക്ഷം രൂപ (ബിൽ നം 4/22) നൽകുകയും HOMCO അത് കൈപ്പറ്റിയതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 50,000/ രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

ടി കാലതാമസത്തിനു കാരണം വ്യക്തമാക്കുന്നതിനായി 08.12.2022 ൽ ഓഡിറ്റ് അന്വേഷണം-1 നൽകി. മറുപടിയിൽ മരുന്നുകൾ എല്ലാം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

## 1-24 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മരുന്ന വാങ്ങൽ പ്രോജക്റ്റ് -മരുന്ന് ലഭ്യമായില്ല - 771328/- രൂപ തടസ്സത്തിൽ വയ്ക്കുന്നു

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മരുന്ന വാങ്ങൽ പ്രോജക്റ്റ്-മരുന്നുകൾ എല്ലാം ലഭ്യമായില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | മെഡിസിൻ പർചേസ് |
| പദ്ധതി നമ്പർ | S0004/22 |
| പദ്ധതി അടങ്കൽ | 18,11,913/- |
| പദ്ധതി ചെലവ് | 18,11,913/- |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

1. In Drug House Bank SAT യ്ക്ക് ട്രഷറി ബിൽ നം.8 പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് രൂപ 1000000/19.11.21 ന് നല്കിയെങ്കിലും വിവിധ ബില്ലുകൾ പ്രകാരം 2,28,672/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 7,71,328/- രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയത് 2,28,672/- രൂപയുടെ മരുന്നിന്റെ Credit Invoice മാത്രമാണ്.

2. In Drug House Bank SAT യുടെ ട്രഷറി ബിൽ നം.22 പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് രൂപ 811913/18.03.22 ന് നല്കിയെങ്കിലും ടി രൂപയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 10/12.2022 ന് മറുപടി ലഭിച്ചിട്ടില്ല. ലഭ്യമാകാനുള്ള മരുന്ന് എത്രയും വേഗം ലഭ്യമാക്കി അത് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതുവരെ ടി തുക 771328/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

29-03-2017ലെ ജി.ഒ. (എം.എസ്)നം.72/2017/ത.സ്വ.ഭ.വ (2017-18 പദ്ധതി മാർഗ്ഗരേഖ) ഖണ്ഡിക 12.11.1(4) പ്രകാരം ഔഷധങ്ങൾ വാങ്ങുന്നതിന് ബന്ധപ്പെട്ട ഡി.എം.ഒ.യിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമാണ്. 03-04-2017 ലെ ജി.ഒ(എം.എസ്)നം.80/ 2017/ ത.സ്വ.ഭ.വ (2017-18 സബ്സിഡി മാർഗ്ഗരേഖ) ഖണ്ഡിക 12.4 പ്രകാരം ആരോഗ്യ വകുപ്പ് കേന്ദ്രീകൃത വാങ്ങൽ നടപടികളിലൂടെ ലഭ്യമാക്കിയ മരുന്നുകൾ സ്ഥാപനങ്ങൾക്ക് അപര്യാപ്തമാണെങ്കിൽ മാത്രമാണ് ചുമതലയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനം മരുന്നുകൾ വാങ്ങി നൽകി ആരോഗ്യ സ്ഥാപനത്തിന്റെ മരുന്ന് വിതരണത്തിലെ കാര്യക്ഷമത ഉറപ്പാക്കേണ്ടത്. ഇപ്രകാരം മരുന്ന് വിതരണത്തിലെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് ആരോഗ്യ വകുപ്പിൽ നിന്ന് മതിയായ മരുന്ന് തൻവർഷം ലഭ്യമായിട്ടില്ലെന്ന് ബന്ധപ്പെട്ട ഡി.എം.ഒ. സാക്ഷ്യപ്പെടുത്തിയ നോൺ അവൈലബിലിറ്റി ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-25 പൊതു ടാപ്പ്, തെരുവ് വിളക്ക് എന്നിവയുടെ എണ്ണത്തിൽ കൃത്യതയില്ലാതെ വാട്ടർ ചാർജ്, വൈദ്യുതി ചാർജ് എന്നിവ ഒടുക്കുന്നു

പഞ്ചായത്ത് പരിധിയിലെ പൊതു ടാപ്പുകൾ, തെരുവ് വിളക്കുകൾ എന്നിവയുടെ വാട്ടർ ചാർജ്ജ്, വൈദ്യുതി ചാർജ്ജ് എന്നിവ ഒടുക്കുന്നത് അവയുടെ എണ്ണത്തിൽ കൃത്യതയില്ലാതെയാണ്. ഇത് സംബന്ധിച്ച് രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല.

എ) 2021-22 സാമ്പത്തിക വർഷത്തിൽ പ്രകാരം 303216/- രൂപ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ ഒടുക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

I) പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധനക്ക് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

II) സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.

III) ജല ലഭ്യതയുള്ള ടാപ്പുകൾക്കെല്ലാം മീറ്ററിംഗ് നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

ബി) 2021-22 സാമ്പത്തിക വർഷത്തിൽ പ്രകാരം 10,07,126/- രൂപ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

I) തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധനക്ക് കെ എസ് ഇ ബിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

II) സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.

മേൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം - 38/16.12.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-26 സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ലോഗ് ബുക്ക് പരിപാലിക്കുന്നില്ല

1) KL21 B 2060 എന്ന നമ്പർ ബൊലേറോ ആണ് കുറ്റിച്ചൽ ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം. കോളം നമ്പർ 3 ൽ വാഹനത്തിന്റെ യാത്രയുടെ ആരംഭം കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത് കാര്യാലയം ആയി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കോളം നമ്പർ 9 ൽ ലക്ഷ്യ സ്ഥാനം രേഖപ്പെടുത്തിയിട്ടില്ല. കോളം നമ്പർ 5 ൽ യാത്രയുടെ ഉദ്ദേശ്യം രേഖപ്പെടുത്തേണ്ട കോളത്തിലാണ് പോയ സ്ഥലം രേഖപ്പെടുത്തിയിട്ടുള്ളത്. യാത്രയുടെ ലക്ഷ്യ സ്ഥാനം കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും എത്ര കി.മീ അകലെയാണെന്നും ഹാൾട്ട് ചെയ്ത സമയം എത്രയാണെന്നും ലോഗ് ബുക്കിൽ എഴുതിയിട്ടില്ല ,പകരം പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും പുറപ്പെട്ട് പഞ്ചായത്ത് കാര്യാലയത്തിൽ തന്നെ തിരിച്ചെത്തുമ്പോൾ സഞ്ചരിച്ച ആകെ ദൂരമാണ് രേഖപ്പെടുത്തിയത്. ആയതിനാൽ ഓരോ ട്രിപ്പിലും ലക്ഷ്യ സ്ഥാനത്തേക്ക് പോയി വരാനുള്ള ശരിയായ ദൂരം തന്നെയാണോ സഞ്ചരിച്ചിട്ടുള്ളതെന്നോ മറ്റ് അനൗദ്യോഗിക യാത്രകൾ നടത്തിയിട്ടുണ്ടോന്നോ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2) 2021 ഏപ്രിൽ മുതൽ സെപ്റ്റംബർ മാസം വരെ മാത്രമാണ് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ഡ്രൈവർ,സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മറ്റുള്ള മാസങ്ങളിൽ ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള സംക്ഷിപ്തം സ.ഉ.(പി)നം.803/70/ഫിൻ തീയതി 13-11-1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ അനുബന്ധം 2 പ്രകാരം ഉള്ള മാതൃകയിൽ അല്ല.

3) വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

4) സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ, ചട്ടം- 1 ഖണ്ഡിക-3 പ്രകാരം നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

- ലോഗ് ബുക്ക് എൻട്രികളുടെ കാർബൺ പകർപ്പുകളുടെ ഫയൽ (ഓരോ വാഹനത്തിനും ഓരോ മാസവും പ്രത്യേകം ഫയലുകൾ).
- അറ്റകുറ്റപ്പണികൾ, മാറ്റി സ്ഥാപിക്കൽ, സ്പെയർ പാർട്സുകൾ മുതലായവയുടെ വിവരം ചെലവ്, തിയതി എന്നിവ സഹിതം രേഖപ്പെടുത്തിയ റെക്കോർഡ്. പെട്രോളിൻറെ വില മുതലായവയും ഉപയോഗവും അനാമത്ത് വരവ്-ചെലവുകളും രേഖപ്പെടുത്തിയ രജിസ്റ്റർ.
- വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ

5) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ

സ.ഉ(എം.എസ്)നം.170/07/തസ്വഭവ തിയതി 30-06-2007പ്രകാരം ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച മുൻ അർദ്ധ വർഷത്തെ വാഹനം സംബന്ധിച്ച വരവ് ചെലവ് കണക്കുകളുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

6) 01.04.2021 മുതൽ 31.03.22 വരെയുള്ള കാലയളവിലേയ്ക്ക് ബാധകമായ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന് ആധാരമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

7) 2021-22 കാലയളവിൽ വാഹനത്തിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(ഉദാ : I) വൗച്ചർ നം. 22100264/14.07.21, ചെക്ക് നം. 208307/14.07.21 പ്രകാരം 12853/- രൂപ

II) വൗച്ചർ നം. 22100339/30.07.21, ചെക്ക് നം. 208371/30.07.21 പ്രകാരം 24677/- രൂപ)

8) ആറു മാസത്തിലൊരിക്കൽ പൊല്യൂഷൻ ടെസ്റ്റ്, മൈലേജ് ടെസ്റ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

9) വാഹനത്തിന്റെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

10) ജനറേറ്ററിന്റെ ലോഗ്ബുക്ക്,ഇന്ധന രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നൽകിയഓഡിറ്റ് എൻക്വയറി നം - 33/14.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-27 ലേലനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യപത്രിക, വിവിധ വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ 39440/- രൂപ അപകടകരമായ മരങ്ങൾ മുറിച്ച മാറ്റുന്നതിനുള്ള കൂലിയിനത്തിൽ 2021-22 ൽ ചെലവ് ചെയ്തിട്ടുണ്ട്. പ്രസ്തുത മരങ്ങൾ മുറിച്ചതിനു ശേഷം സ്വീകരിച്ച തുടർനടപടി, ലേലനടപടി ഉൾപ്പെടെയുള്ളവ സംബന്ധിച്ച വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം - 34/06.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

2019-20 സാമ്പത്തിക പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടൂർ മാർക്കറ്റ്, കുറ്റിച്ചൽ മാർക്കറ്റ്, ഗവ. എൽ.പി.എസ് പരുത്തിപ്പള്ളി എന്നിവിടങ്ങളിലായി എയ്റോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. 23.01.2020-ലെ 1(12) ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനവുമായി 06.03.2020 ൽ കരാറിലേർപ്പെടുകയുണ്ടായി. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ തയ്യാറാക്കിയതും ശുചിത്വമിഷൻ അംഗീകരിച്ചതുമായ (റ്റി.എസ്. നമ്പർ 1708/സി6/2015/എസ്.എം 01.02.2020) പ്രോജക്ടിന്റെ നിർവ്വഹണം നടത്തുന്നതിനുള്ള കൺസൾട്ടൻസി ചാർജ്ജ്, നികുതികൾ എന്നിവ ഉൾപ്പെടുത്തി 7,15,000/- എസ്റ്റിമേറ്റ് കണക്കാക്കി കരാർ പ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. കരാർ പ്രകാരം പ്രവൃത്തിക്കുള്ള കരാർ ഉടമ്പടിയുടെ 20% തുക മുൻകൂറായി നൽകേണ്ടതാണ്. 5 ഗഡുക്കളായാണ് തുക നൽകേണ്ടത്. പദ്ധതി പൂർത്തീകരിച്ചതിന് ശേഷം പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബാക്കി 10% തുക നിർവ്വഹണ ഏജൻസിക്ക് നൽകുന്നതാണ്. പദ്ധതിപ്രകാരം നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (ഓഡിറ്റ് അന്വേഷണം നം-9/2022 നുള്ള മറുപടി പ്രകാരം) ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 13.03.2020 | 143000 |
| 2 | 24.03.2021 | 39602 |
| 3 | 24.03.2021 | 167378 |
| 4 | 30.03.2021 | 1437 |
| 5 | 26.03.2022 | 132564 |
| | ആകെ | 483981 |

മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് പ്രകാരം പദ്ധതി ലക്ഷ്യം കൈവരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രദേശങ്ങൾ ഓഡിറ്റ് ടീം പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷം ആരംഭിച്ച പ്രസ്തുത പദ്ധതി പ്രകാരം കോട്ടൂർ മാർക്കറ്റ്, ഗവ. എൽ.പി.എസ് പരുത്തിപ്പള്ളി എന്നിവിടങ്ങളിൽ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.

കുറിച്ചൽ മാർക്കറ്റിൽ എയ്റോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ല. കോട്ടൂർ മാർക്കറ്റ്, ഗവ. എൽ.പി.എസ് പരുത്തിപ്പള്ളി എയ്റോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനും, പദ്ധതി നിർവ്വഹണത്തിനായി കരാറിലേർപ്പെട്ടിട്ടുള്ള അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ മുഖേന കുറിച്ചൽ മാർക്കറ്റിലും എയ്റോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുകയായ 697777/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം/തീയതി |
|---|---|---|---|---|---|
| 1 | 105/22 | പരുത്തിപ്പള്ളി പി.എച്ച്.സി കുടുംബാരോഗ്യകേന്ദ്രമാക്കൽ -എൻ.എച്ച്.എം വിഹിതം നൽകൽ | 600000 (CFC) | 510013 | 155/18.01.22 |
| 2 | 92/22 | ജില്ലാ ആസൂത്രണസമിതി ആസ്ഥാന മന്ദിരം നിർമ്മാണം പഞ്ചായത്ത് വിഹിതം നൽകൽ | 100000 (വികസന ഫണ്ട്) | 100000 | 22/04.08.21 |
| 3 | 2/22 | ഐ.കെ.എം. വിഹിതം നൽകൽ | 88000 (വികസന ഫണ്ട്) | 87764 | 13/26.07.21 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-18/22-ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയതായി അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ മേൽ പ്രോജക്ടുകളുടെ ചെലവ് തുകയായ 697777/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയായ 944372/- തിരികെ ഈടാക്കേണ്ടതാണ്.

കുറിച്ചൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടുന്നതിനായി (പ്രോജക്ട് നം. 107/22) വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം മുൻകൂറായി 22 ലക്ഷം രൂപ, 187/01.02.22 നമ്പർ ബിൽ പ്രകാരം നിക്ഷേപിച്ചിരുന്നു. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രം (14.09.2022) പ്രകാരം ചെലവഴിച്ച തുക 1255628/- രൂപയാണ്. ബാക്കി നിൽക്കുന്ന 944372/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-31 ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നിർവഹിച്ച മരാമത്ത് പ്രവൃത്തി സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | 82/22 |
| പ്രോജക്ടിന്റെ പേര് | കരിങ്കുന്നം അംഗനവാടി വയറിംഗ് |
| അടങ്കൽ തുക | 75000/- |
| ചെലവ് തുക | 50930/- |
| ബിൽ നം/തീയതി | 50/21-22 തീയതി. 30.03.2022 |
| കൺവീനർ | സജിതകുമാരി |
| നിർവ്വഹണം | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നം | 118/22 |
| പ്രോജക്ടിന്റെ പേര് | അംഗനവാടികളുടെ വയറിംഗ് |
| അടങ്കൽ തുക | 150000/- |
| ചെലവ് തുക | 120149/- |

| | |
|---|---|
| ബിൽ നം/തീയതി | 52/21-22, തീയതി. 15.03.2022 |
| കൺവീനർ | റീന.എം.ജെ |
| നിർവ്വഹണം | സെക്രട്ടറി |

ഗുണഭോക്തൃസമിതി മുഖാന്തിരം മേൽ മരാമത്ത് പ്രവൃത്തികൾ നിർവഹിച്ചതിൽ സർക്കുലർ നം. 1/1559/2010/സി.ഇ./ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സാങ്കേതിക മികവ് ആവശ്യമുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കാൻ പാടില്ല. ഇത്തരം പ്രവൃത്തികൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ലൈസൻസുള്ള കോൺട്രാക്ടർ മുഖേന നടപ്പിലാക്കാവൂ എന്നിരിക്കെ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയതിന് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-16/22-ന്, സുതാര്യവും സുഗമമായി പ്രവൃത്തി നടപ്പിലാക്കുന്നതിനാണ് ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയതെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. സാങ്കേതിക മികവ് ആവശ്യമുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-32 അങ്കണവാടി അധികവാടക- വാടക നിശ്ചയിക്കാതെ തുക നൽകി -സർക്കാർ നിർദ്ദേശം പാലിക്കണം

അങ്കണവാടി അധിക വാടക എന്ന പ്രോജക്ട് (18/22) പ്രകാരം തൻവർഷം 70000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 28.09.2020-ലെ സഉ (സാധാ) നം-514/2020 സാ.നീ.വ പ്രകാരം അങ്കണവാടി കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ വാടക നിശ്ചയിക്കാതെയാണ് പ്രോജക്ട് പ്രകാരം തുക നൽകിയിട്ടുള്ളത്. സർക്കാർ നിർദ്ദേശാനുസരണം വാടക നിശ്ചയിക്കാത്തതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-32/22- ന് വനിതാ ശിശുവികസന വകുപ്പിന്റെ നിർദ്ദേശപ്രകാരം, അടിസ്ഥാന സൗകര്യമുള്ളതും എ.ഇ. ഫിറ്റ്നെസ് നൽകിയതുമായ കെട്ടിടങ്ങളിൽ മാത്രമെ അങ്കണവാടികൾ പ്രവർത്തിക്കാവു എന്ന നിർദ്ദേശം ലഭിച്ചതിനാലാണ് അടിസ്ഥാന സൗകര്യമുള്ള കെട്ടിടങ്ങൾ വാടകയ്ക്കെടുത്തതും തുക നൽകിയതുമെന്നും തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതാണെന്നും മറുപടിയായി അറിയിക്കുകയുണ്ടായി. 28.09.2020-ലെ സഉ (സാധാ) നം-514/2020 സാ.നീ.വ പ്രകാരം അങ്കണവാടി കെട്ടിടങ്ങളുടെ വാടക നിശ്ചയിച്ച് തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-33 തുല്യത പഠനം- രജിസ്ട്രേഷൻ രേഖകൾ , വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല- 48100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 135/22 |
| പ്രോജക്ടിന്റെ പേര് | തുല്യത പഠനം – പഠിതാക്കളുടെ ഫീസ് നൽകൽ |
| അടങ്കൽ തുക | 50000/- |
| ചെലവ് തുക | 48100/- |
| ബിൽ നം/തീയതി | 5/14.03.2022 തുക - 7500/-<br>6/14.03.2022 തുക - 22500/-<br>7/14.03.2022 തുക – 18100/- |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |

1. ഗുഡ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സിനായി 9 പഠിതാക്കൾക്ക് 22500/- രൂപയും, പത്താം തരം തുല്യത പഠനത്തിനായി 5 പഠിതാക്കൾക്ക് 7500/- രൂപയും, ഹയർ സെക്കന്ററി തുല്യത കോഴ്സിനായി 9 പഠിതാക്കൾക്ക് 18100/- രൂപയും ഉൾപ്പെടെ 48100/- രൂപ കേരള സംസ്ഥാന സാക്ഷരതമിഷൻ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. നിക്ഷേപിച്ച തുക സംബന്ധിച്ച വിശദാംശം രേഖാമൂലം സാക്ഷരതാ മിഷന് ലഭ്യമാക്കുകയോ, കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ഇവ വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

2. പഠിതാക്കളുടെ കോഴ്സ് പഠനത്തിനുള്ള അപേക്ഷകൾ, രജിസ്ട്രേഷൻ വിവരങ്ങൾ, പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-21/22-ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. രജിസ്ട്രേഷൻ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തതിനാൽ - ചെലവ് തുകയായ 48100/- രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്.

22.09.2014 ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉല്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ്

ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലാബ് ടെസ്റ്റ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-28/22-ന് 23.02.2022-ലെ റിപ്പോർട്ട് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഓരോ രണ്ട് മാസവും ഉറപ്പ് വരുത്തേണ്ട ഗുണമേന്മാ പരിശോധന തനത് സാമ്പത്തിക വർഷം ഒരിക്കൽ മാത്രമാണ് ലഭിച്ചിട്ടുള്ളത്. അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|
| ജില്ലാ പഞ്ചായത്ത് | 8, സ്നേഹ സ്പർശം | 356250 |
| | 51, ലൈഫ് ഭവനനിർമ്മാണം (പട്ടികവർഗ്ഗം) | 480000 |
| | 205, ന്യൂലൈഫ് ലക്ഷംവീട് കോളനിയിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | 87500 |
| | 12, ക്ഷീരസമൃദ്ധി | 314050 |
| | ആകെ | 1237800 |
| ബ്ലോക്ക് പഞ്ചായത്ത് | 31, ലൈഫ് ഭവനനിർമ്മാണം (എസ് സിപി) | 10000 |
| | 51, ലൈഫ് ഭവനനിർമ്മാണം (പട്ടികവർഗ്ഗം) | 913000 |
| | 12, ക്ഷീരസമൃദ്ധി | 367667 |
| | 8, സ്നേഹ സ്പർശം | 356250 |
| | ആകെ | 1646917 |

| | 20-21 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 21-22 വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 21-22 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 257617 | 1237800 | 1495417 | 1237800 | 257617 | 257617 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1980746 | 1646917 | 3627663 | 1646917 | 1980746 | 1980746 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവ് തുക | ഏജൻസിയിൽ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ (107/22) | 2200000 | 0 | 2200000 |
| | ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ (237/22) | 641000 | 0 | 641000 |
| കെ.എസ്.ഇ.ബി | കുറ്റിച്ചൽ കുടുംബാരോഗ്യകേന്ദ്രത്തിലെ വൈദ്യുതി കണക്ഷൻ ത്രീഫേസ് ആക്കൽ (220/22) | 42977 | 0 | 42977 |
| | കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി ലൈൻ നീട്ടൽ (218/22) | 146115 | 0 | 146115 |
| | കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി ലൈൻ നീട്ടൽ(122/22) | 113488 | 0 | 113488 |
| | | | | |

| | 20-21 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 21-22 വർഷത്തെ നിക്ഷേപം | ആകെ | തിരികെ ലഭിച്ചത് | നീക്കിയിരിപ്പ് | 21-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 3347582 | 2841000 | 6188582 | 508962 | 5679620(*) | 4470082 |
| കെ.എസ്.ഇ.ബി | 1246909 | 302580 | 1549489 | 0 | 1549489 | 1549489 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 390473 | 0 | 390473 | 0 | 390473 | 390473 |
| പി.ഡബ്ല്യൂ.ഡി | 1003000 | 0 | 1003000 | 0 | 1003000 | 1003000 |

(*) യഥാർത്ഥ നീക്കിയിരിപ്പ് ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഇല്ല

## 4-4 വായ്പ- വായ്പ തിരിച്ചടവ്

2021-22 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം.

| പേര്/ഉദ്ദേശ്യം | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക (സുലേഖ പ്രകാരം) | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി |
|---|---|---|---|---|---|
| KURDFC | ലഭ്യമല്ല | 35093334 | 1000000 | 3461335 | 32631999 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 84,50,923.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,17,04,675.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,83,37,501.00 |
| നീക്കിയിരിപ്പ് | 1,18,18,097.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,11,577 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 1,50,000 | ശ്രീമതി.മീരാ റാണി (മെഡിക്കൽ ഓഫീസർ, ഹോമിയോ) |
| 1-24 | 7,71,328 | ശ്രീ.ജോയ്ജോൺ (മെഡിക്കൽ ഓഫീസർ, അലോപ്പതി) |
| 1-29 | 6,97,777 | ശ്രീമതി.ഷീബ (സെക്രട്ടറി) |
| 1-30 | 9,44,372 | ശ്രീമതി.ഷീബ (സെക്രട്ടറി) |
| 1-33 | 48,100 | ശ്രീമതി.സുലഭ (ഹെഡ് മിസ്ട്രസ്) |
| ആകെ | 26,11,577 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷീബ (സെക്രട്ടറി) | സെക്രട്ടറി | സിതാര, പാപ്പനം കോട്, പാപ്പനംകോട് (പി.ഒ) |
| ശ്രീമതി.മീരാ റാണി (മെഡിക്കൽ ഓഫീസർ, ഹോമിയോ) | മെഡിക്കൽ ഓഫീസർ, ഹോമിയോ | മണിമന്ദിരം, പുറത്തേക്കാട്, വില്ലേജ് ഓഫീസ് റോഡ്, മലയിൻകീഴ് |
| ശ്രീ.ജോയ്ജോൺ (മെഡിക്കൽ ഓഫീസർ, അലോപ്പതി) | മെഡിക്കൽ ഓഫീസർ, അലോപ്പതി | ബെഫ് സൈദ, ചാമവിള, പൂവച്ചൽ.പി.ഒ |
| ശ്രീമതി. സുലഭ (ഹെഡ് മിസ്ട്രസ്സ്) | ഹെഡ് മിസ്ട്രസ് | ലളിതാ ഭവൻ, നെല്ലിമൂട്ജംഗ്ഷൻ, നെല്ലിമൂട് പി.ഒ,പിൻ-695524 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി. 17.10.2022 | 1 [3.2] |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി. 17.10.2022 | 1 [3.6] |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി. 17.10.2022 | 2 [3.8, 3.12] |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി. 17.10.2022 | 3 [2.2 (ബി), 3.3, 3.5] |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി. 17.10.2022 | 2 [3.5, 3.6] |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി. 17.10.2022 | 3 [3.5, 3.6, 3.7] |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി. 17.10.2022 | 5 [3.3, 3.8, 3.10, 3.11, 3.12] |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി. 17.10.2022 | 1 [3.8] |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി. 17.10.2022 | 4 [3.2, 3.3, 3.5, 3.6] |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി. 17.10.2022 | 7 [3.1, 3.5, 3.6 (I), (Ii), (Iii), 3.7, 3.2, 3.3, 3.4] |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി. 17.10.2022 | 6 [2.2, 2.4, 3.2, 3.4, 3.9, 3.10] |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/39/2018 തീയതി. 27.03.2019 | 25 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/629/2020 തീയതി. 01.06.2020 | 24 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/921/2021 തീയതി. 03.07.2021 | 38 |
| 2020.21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/742/2022 തീയതി. 25.05.2022 | 37 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്